**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 11 വ്യാഴം**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മൃഗസംരക്ഷണ വകുപ്പ് പ്രളയ സഹായമായി വിതരണം ചെയ്തത് 3.8 കോടി രൂപ

പ്രളയാനന്തര ധനസഹായമായി മൃഗസംരക്ഷണ വകുപ്പ് ജില്ലയിലെ കർഷകർക്ക് നൽകിയത് 3.8 കോടി രൂപ. 4077 കർഷകർക്ക് എസ് ഡി ആർ എഫ് മാനദണ്ഡ പ്രകാരമാണ് ഇത്രയും തുക നൽകിയത്. ഇതിനു പുറമേ ജില്ലാ കളക്ടർ മുഖേന 10 ലക്ഷം രൂപയും ആദ്യ ഘട്ട ധനസഹായമായി വിതരണം ചെയ്തു. 2018-19 കാലയളവിൽ താങ് പലിശ സഹായ പദ്ധതി പ്രകാരം 29 ലക്ഷം രൂപ 695 ഗുണഭോക്താക്കൾക്ക് വിതരണം നടത്തി.

പ്രളയശേഷം 455 പശുക്കളെയാണ് ജില്ലയിലെ ക്ഷീര കർഷകർക്കായി വിതരണം ചെയ്തത്. 2456 കർഷകർക്ക് മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനുമായി പ്രളയ സഹായം കൈമാറി. പ്രളയ ബാധിതരായ കർഷകർക്ക് 398 മെട്രിക് ടൺ കാലിത്തീറ്റയും പക്ഷിത്തീറ്റയും വിതരണം ചെയ്തു. കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ യാർഡ് ഗോട്ട് ഡവലപ്മെന്റ് സ്കീം പ്രകാരം 59400 രൂപ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. 120 യൂണിറ്റുകളിലായാണ് ഇത് നടപ്പാക്കുന്നത്. പട്ടികജാതി ഗുണഭോക്താക്കൾക്ക് 100 യൂണിറ്റ് ആട് വളർത്തൽ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

ഉജ്ജീവന പദ്ധതി പ്രകാരം ജില്ലയിൽ രണ്ട് കർഷകർക്ക് വായ്പ ലഭ്യമാക്കി. അർഹരായവരെ കണ്ടെത്തി വായ്പ നൽകുന്നതിനുള്ള നടപടികളും ദ്രുതഗതിയിലാണ്. നിലവിൽ 219 അപേക്ഷകളാണ് ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഈയിനത്തിൽ പരിഗണിച്ചിട്ടുള്ളത്. മൃഗപരിപാലനവുമായി ബന്ധപ്പെട്ട് ബാങ്കിൽ നിന്നും ലോണെടുത്ത കർഷകർക്ക് പലിശയിനത്തിൽ 5000 രൂപ ഇളവു നൽകുന്ന പദ്ധതിയും പുരോഗതിയിലാണ്. ഇതുമായി ബന്ധപ്പെട്ട് 300 ഗുണഭോക്താക്കൾക്ക് ആകെ 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വകുപ്പിന്റെ മറ്റ് പദ്ധതികളായ ആട് വളർത്തൽ സാറ്റലൈറ്റ് 120 യൂണിറ്റ്, താറാവ് വളർത്തൽ 300 യൂണിറ്റ്, വളക്കുഴി നിർമാണം 140 യൂണിറ്റ്, സ്കൂൾ പൗൾട്രി ക്ലബ് 100 യൂണിറ്റ്, കോഴിയും കൂടും പദ്ധതി 80 യൂണിറ്റ്, കറവയന്ത്രം പദ്ധതി 17 യൂണിറ്റ്, പന്നി വളർത്തൽ 10 യൂണിറ്റ്, ആട് വളർത്തൽ നേഴ്സറി 10 യൂണിറ്റ് എന്നിങ്ങനെ നടപ്പാക്കിവരികയാണ്.

പ്രളയ ശേഷം സ്കൂൾ പൗൾട്രി ക്ലബുകൾ മുഖേന ജില്ലയിലെ 100 സ്കൂളുകളിൽ 500 കുട്ടികൾക്ക് 50 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു. 25000 കോഴിക്കുഞ്ഞുങ്ങളെയാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. 33 ലക്ഷം രൂപയുടെ 3300 ചാക്ക് കാലിത്തീറ്റ, 11900 കിലോ വൈക്കോൽ എന്നിവയും പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു. പശു, എരുമ എന്നിവയ്ക്ക് പ്രളയത്തെ തുടർന്ന് 20 ദിവസം 3.76 കിലോ വീതം കാലിത്തീറ്റയും ആടിന് 1.88 കിലോ വീതം കാലിത്തീറ്റയും നൽകി.

ജില്ലയിൽ വൻതോതിൽ നാശനഷ്ടമുണ്ടായത് ചാലക്കുടി മേഖലയിലാണ്. 1573 പശുക്കൾ, 10 എരുമ, പോത്ത്, 185 കന്നുകുട്ടികൾ, 203 പശു കിടാരികൾ, 651 ആടുകൾ, 854 പന്നികൾ, 253642 വളർത്തു പക്ഷികൾ, 1204 കാലിത്തൊഴുത്ത് എന്നിവയ്ക്കാണ് നാശനഷ്ടമുണ്ടായിട്ടുള്ളത്. വെള്ള പ്പൊക്കം ബാധിച്ച മേഖലകളിൽ മൃഗസംരക്ഷണ വകുപ്പ് ഡോക്ടർമാർ, പാരവെറ്റിനറി ജീവന ക്കാർ, ജില്ലാ തല ഓഫീസർമാർ എന്നിവരെ നിയോഗിച്ചാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നട ത്തിയത്. അഴുകിയ മൃഗങ്ങളെ യഥാസമയം മറവ് ചെയ്ത് മേഖലയെ രോഗമുക്തമാക്കാനും സാധി ച്ചു.

പ്രളയബാധിത മേഖലകളിലെ 10 ക്യാംപുകളുടെ പ്രവർത്തനങ്ങൾക്കായി 20000 രൂപയാണ് നീക്കിവെച്ചത്. ക്യാംപുകളിൽ മരുന്നിനു പുറമേ ധാതുലവണ മിശ്രിതവും പുല്ല്, വൈക്കോൽ, മറ്റ് അവശ്യ സാമഗ്രികൾ എന്നിവയും വിതരണം നടത്താൻ സാധിച്ചു. നാഷണൽ എഗ്ഗ് കോർഡിനേ ഷൻ കമ്മിറ്റി മുഖേന ലഭിച്ച ഒരു ലക്ഷം കോഴിമുട്ടകൾ ദുരിത ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യാനുമായി.

## ബ്ലൂ ആർമി പ്രവർത്തനം വിദ്യാർത്ഥികളിലേക്ക്: പ്രവർത്തനോദ്ഘാടനം അന്തിക്കാട് ബ്ലോക്കിൽ

ജില്ലാ പഞ്ചായത്ത് ജില്ലാ മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ജലരക്ഷ ജീവരക്ഷ പദ്ധതിയുടെ ഭാഗമായ ബ്ലൂ ആർമിയുടെ പ്രവർത്തനം ഇനി വിദ്യാർത്ഥികളിലേക്ക്. ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 48 സർക്കാർ-എയ്ഡഡ് സ്കൂളുകളിലായാണ് ആദ്യ ഘട്ടത്തിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുക. ജൂലൈ അവസാനത്തോടെ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നടത്താൻ ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും അദ്ധ്യപകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം തീരുമാനിച്ചു. ജലസംരക്ഷണ അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനായി മഴക്കുഴി നിർമ്മാണം, ജലബജറ്റ് തയ്യാറാക്കൽ, കിണർ റീച്ചാർജ്ജിങ്, ജലശുദ്ധി പരിശോധന, വൃക്ഷതൈ നടൽ, തെങ്ങിന് തടം ഇടൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തും. ബ്ലോക്കിന് കീഴിലെ അഞ്ച് പഞ്ചായത്തുകൾ, പഞ്ചായത്ത് ജനകീയ സമിതികൾ, സ്കൂൾ പിടിഎ, അദ്ധ്യാപകർ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടികൾ നടപ്പിലാക്കുക. ഓഗസ്റ്റിൽ ബ്ലോക്കിനു കീഴിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന വിദ്യാർത്ഥികൾ, പഞ്ചായത്തുകൾ എന്നിവയ്ക്കു പുരസ്ക്കാരം നൽകും. ജില്ലാ വിദ്യാഭ്യാസ വകുപ്പ്, എസ്എസ്എ, എൻഎസ്എസ് എന്നിവയുടെ സഹകരണത്തോടെയാണ് നടത്തിപ്പ്. ഇതിനുള്ള സംഘാടക സമിതി യോഗം ജൂലൈ 15 ന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേരും. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം കിലയിൽ പൂർത്തിയായി. ജലസംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഡോ. വിദ്യാസാഗർ ക്ലാസ്സെടുത്തു.

യോഗത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി സി ശ്രീദേവി, വിവിധ പഞ്ചായത്ത് പ്രസിഡണ്ടുമാർ, ജനപ്രതിനിധികൾ, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പി ഡി സിന്ധു, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ജനകീയം അതിജീവനം സ്വാഗതസംഘരൂപീകരണം ഇന്ന്

നവകേരള നിർമ്മിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ജൂലൈ 20 ന് സംഘടിപ്പിക്കുന്ന ജനകീയം അതിജീവനം പൊതുജനസംഗമത്തിന്റെ ജില്ലാതല സ്വാഗതസംഘരൂപീകരണം യോഗം ഇന്ന് (ജൂലൈ 12) ജില്ലാ ആസൂത്രണഭവൻ ഹാളിൽ വൈകീട്ട് മൂന്നിന് ചേരും. മന്ത്രിമാരായ ഏ സി മൊയ്തീൻ, അഡ്വ. വി എസ് സുനിൽകുമാർ, കോർപ്പറേഷൻ മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, തദ്ദേശസ്വയംഭരണ സ്ഥാപനപ്രതിനിധികൾ, ജനപ്രതിനിധികൾ, ജില്ലാ കളക്ടർ എസ് ഷാനവാസ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, അഗ്രികൾച്ചർ, റവന്യൂ, ഡിഎംഒ, ലൈബ്രറി കൗൺസിൽ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പ്രതിനിധികളും പങ്കെടുക്കും.

### 50 മീറ്റർ ദൂരപരിധിയിലുള്ളവർക്ക് 10 ലക്ഷം രൂപ

## കടലാക്രമണം: തീരദേശത്തിന് ആശ്വാസമേകി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി

തീരദേശത്തിന് ആശ്വാസമേകി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി. അടിക്കടിയുള്ള കടലാക്രമണത്തിൽ നിന്ന് രക്ഷ നേടാൻ കടലിന് 50 മീറ്റർ ദൂരപരിധിയുള്ള മുഴുവൻപേർക്കും സ്ഥലവും വീടും വാങ്ങുന്നതിനുവേണ്ടി 10 ലക്ഷം രൂപ നൽകുന്ന പദ്ധതി വേഗത്തിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിലവിൽ കരിങ്കല്ല് ഇല്ലാത്തിടത്തും കരിങ്കല്ല് നശിച്ചുപോയ സ്ഥലത്തും ജിയോ ട്യൂബ് ഉപയോഗിച്ച് തടയണകൾ നിർമ്മിക്കും. വിവിധ വകുപ്പുകളുമായി ഇക്കാര്യത്തിൽ കോർഡിനേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. കേരളത്തിന്റെ തീരദേശ മേഖലകളിൽ തുടർച്ചയായി വരുന്ന കടലാക്രമണത്തിനു പരിഹാരം കാണാൻ വിളിച്ചു ചേർത്ത ഉന്നതതലയോഗത്തിലാണ് ഇക്കാര്യം പ്രസ്താവിച്ചത്. നിലവിൽ കരിങ്കൽ ക്വാറിയിൽ നിലനിൽക്കുന്ന തൊഴിലാളികളുടെ കൂലി വർധനവ് പ്രശ്നം പരിഹരിക്കാനും യോഗത്തിൽ തീരുമാനമായി. യോഗത്തിൽ മന്ത്രിമാരായ കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ്) ടി.പി രാമകൃഷണൻ (തൊഴിൽ വകുപ്പ്) പി തിലോത്തമൻ (ഭക്ഷ്യ വകുപ്പ്) കെ.ടി ജലീൽ (ഉന്നത വിദ്യാഭ്യാസം), നിയമസഭാ സ്പീക്കർ ശ്രീരാമകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ പി ശശി, തീരദേശ എംഎൽഎമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## കാർഷിക സർവെ: ജില്ലാതല പരിശീലനം 12 ന്

കാർഷിക സ്ഥിതിവിവരക്കണക്ക് ശേഖരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല ഉദ്യോഗസ്ഥർക്കുള്ള ജില്ലാതല പരിശീലനം തൃശൂർ കേരള സാഹിത്യ അക്കാദമി ഹാളിൽ നടക്കും. ജൂലൈ 12 രാവിലെ 10 ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡെപ്യൂട്ടി ഡയറക്ടർ എ പി ഷോജൻ അദ്ധ്യക്ഷത വഹിക്കും. ജില്ലാ പോലീസ് മേധാവി തൃശൂർ റൂറൽ കെ പി വിജയകുമാരൻ വിശിഷ്ടാതിഥിയാകും. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർ ജനറൽ വി രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഇൻചാർജ്ജ് അനിത കരുണാകരൻ, ജില്ലാ ഓഫീസർ കെ ടി ലേഖ തുടങ്ങിയവർ ആശംസ നേരും. അഡീഷണൽ ജില്ലാ ഓഫീസർ കെ കെ മോഹനദാസ് സ്വാഗതവും റിസർച്ച് അസിസ്റ്റന്റ് ടി എസ് സുരേഷ് നന്ദിയും പറയും.

## ലോക ജനസംഖ്യാ ദിനം : ജില്ലാതലാചരണം നടത്തി

ലോക ജനസംഖ്യാ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ എം. എൽ റോസി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ടി വി സതീശൻ ലോക ജനസംഖ്യാ ദിന സന്ദേശം നൽകി. ആർസിഎച്ച് ഓഫീസർ ഡോ. കെ ഉണ്ണികൃഷ്ണൻ സ്വാഗതവും ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ടി എ ഹരിതാ ദേവി നന്ദിയും പറഞ്ഞു. ''കുടുംബാസൂത്രണവും ലിംഗസമത്വവും'' എന്ന വിഷയത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ സംവാദ മത്സരത്തിൽ സെൻറ് തോമസ് കോളേജ് വിദ്യാർത്ഥിനി സ്നേഹ ഔസേപ്പ് ഒന്നാം സ്ഥാനവും വിമല കോളേജ് വിദ്യാർത്ഥിനി നീതു കെ.ടി രണ്ടാം സ്ഥാനവും ഗവണ്മെൻറ് നഴ്സിംഗ് കോളേജ് വിദ്യാർത്ഥി

സുഹൈബ് കെ .എ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഗവ. മെഡിക്കൽ കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റി മെഡിസിൻ അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ. സജ്ന മോഡറേറ്ററായി. ''അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം, കുടുംബാസൂത്രണത്തിലൂടെ ഉത്തരവാദിത്വം'' എന്നതാണ് ഈ വർഷത്തെ സന്ദേശം.

## തൃശനിലയിൽ ഓൺലൈൻ ബിരിയാണി: 'ഫ്രീഡം കോംബോ ലഞ്ച്' ഉദ്ഘാടനം ചെയ്തു

ജയിലറയിൽ നിന്നും വിലക്കുറവിന്റെ ഓഫറുമായി 'ഫ്രീഡം കോംബോ ലഞ്ച്' ഫുഡ് ആൻഡ് സേഫ്റ്റി കമ്മീഷണർ ജി ജയശ്രീ ആദ്യ കോംബോ പാഴ്സൽ ഡെലിവറി ബോയ്ക്ക് കൈമാറി ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി തൂശനിലയിൽ ഇനി ബിരിയാണി സദ്യ കഴിക്കാം. 300 ഗ്രാം ബിരിയാണ്, ഒരു പൊരിച്ച കോഴിക്കാൽ, സാലഡ്, അച്ചാർ, മൂന്ന് ചപ്പാത്തി, ചിക്കൻ കറി, ഒരു കപ്പ് കേക്ക്, ഒരു കുപ്പി വെള്ളം എന്നിവ 127 രൂപയ്ക്ക് ഇനി ഓൺലൈനിൽ ലഭിക്കും. വെള്ളം വേണ്ടായെങ്കിൽ 117 രൂപ കൊടുത്താൽ മതി. ഇലയിലൊരു ഓൺലൈൻ ബിരിയാണി എന്നത് രാജ്യത്ത് തന്നെ ആദ്യമാണ്. ഇതെല്ലാം പുനരുപയോഗ സാധ്യമായ പേപ്പർ ബാഗിലാണ് എത്തുക എന്നതാണ് ഇതിന്റെ ആകർഷണീയത. വിയ്യൂരിൽ തടവുക്കാരുടെ ഉൽപ്പന്നങ്ങൾ ഏറെയുണ്ട്. അതിലേക്കാണ് ഇപ്പോൾ ഓൺലൈൻ ബിരിയാണി സദ്യയുമെത്തിയിരിക്കുന്നത്. സെൻട്രൽ പ്രിസൺ സൂപ്രണ്ട് നിർമ്മലാനന്ദൻ നായർ, ജോയിന്റ് സൂപ്രണ്ട് കെ അനിൽകുമാർ, ഡെപ്യൂട്ടി സൂപ്രണ്ട് എം എം ഹാരീസ്, ഫുഡ് സേഫ്റ്റി ഓഫീസർ ഡോ. രേഖാ മോഹൻ, ഓൺലൈൻ സെയിൽസ് ടീം സ്വിഗ്ഗി. കൂടെ പുതുതായി നിയമിക്കപ്പെട്ട സ്ക്കോർപിയോൺ കമ്മാൻഡോറും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

## അവാർഡ് പ്രഖ്യാപിച്ചു

ജൂലൈ പത്ത് ദേശീയ മത്സ്യകർഷകദിനാചരണത്തിന്റെ ഭാഗമായി ജില്ലയിൽ മികച്ച നേട്ടം വൈകവരിച്ചവർക്കുള്ള അവാർഡ് പ്രഖ്യാപിച്ചു. മികച്ച ജില്ലാതല അക്വാകൾച്ചർ പ്രൊമോട്ടറായി വള്ളിവട്ടം കൊടുവളപ്പിൽ വിദ്യാഷാജിയെ തെരഞ്ഞെടുത്തു. 5000 രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് സമ്മാനം. ജില്ലാതല മത്സ്യമേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനമായി പുത്തൻച്ചിറയെ തെരഞ്ഞെടുത്തു. 10000 രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് സമ്മാനം.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാളെ (ജൂലൈ 13) പ്രവർത്തിക്കും

തൃശ്ശൂർ ജില്ലയിൽ ജില്ലാ എംപ്ലോയ്മെന്റ് ˘ എക്സ്ചേഞ്ചും തലപ്പിള്ളി, ചാവക്കാട്, ചാലക്കുടി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് ˘ എക്സ്ചേഞ്ചുകളും നാളെ (ജൂലൈ 13) രണ്ടാം ശനിയായ്ച്ച തുറന്ന് പ്രവർത്തിക്കും. എസ്എസ്എൽസി, ഹയർസെക്കണ്ടറി ഫലപ്രഖ്യാപനത്തിന് ശേഷമുള്ള തിരക്ക് പരിഗണിച്ചാണ് അവധി ദിവസത്തിൽ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നത്. രജിസ്ട്രേഷൻ, മറ്റ് സർട്ടിഫിക്കറ്റ് ചേർക്കൽ, പുതുക്കൽ തുടങ്ങിയ സേവനങ്ങൾ അന്നേ ദിവസം ലഭ്യമാണ്. ഫോൺ : 0487-2331016.

## പരിശീലന പരിപാടി

സഹകരണ പരിശീലന കേന്ദ്രമായ പുന്നപ്ര കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിങ് ദി ബെസ്റ്റിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പ്രമോഷനും ഇൻക്രിമെന്റിനും വേണ്ടി ജൂലൈ 15 മുതൽ 20 വരെ സൂപ്പർവൈസറി വിഭാഗത്തിനും ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും 0477-2266701, 9447729772, 9497221291, 9037323239 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## ക്വട്ടേഷൻ

എളനാട് പി എച്ച് സിയിൽ ഈ സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 29 വൈകീട്ട് നാല് മണി. ഫോൺ : 04884-288574.

## തീയതി നീട്ടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് എല്ലാത്തരം കുടിശ്ശികകളും ഒൻപത് ശതമാനം പലിശ ഉൾപ്പെടെ ഒടുക്കുന്നതിനുള്ള കാലാവധി സെപ്തംബർ 30 വരെ നീട്ടിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## ഒറ്റത്തവണ തീർപ്പാക്കൽ: തീയതി നീട്ടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളതും അല്ലാത്തതുമായ ഫയലുകളിൽ കുടിശ്ശിക ഈടാക്കുന്നതിനായി പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക ഒടുക്കുന്നതിനുള്ള സമയപരിധി സെപ്തംബർ 30 വരെ നീട്ടിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## വ്യവസായ അദാലത്ത് ജൂലൈ 25 ന്

ജില്ലയിൽ വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി ഇ പി ജയരാജൻ നടത്തുന്ന വ്യവസായ അദാലത്ത് ജൂലൈ 25 ന് അയ്യന്തോൾ ജില്ലാ പ്ലാനിങ് ഓഫീസ് കോൺഫറൻസ് ഹാളിൽ നടക്കും. വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ അദാലത്തിൽ ഉന്നയിക്കാം. ഖനന മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വിവിധ ഏജൻസികളിൽ/വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ/ക്ലിയറൻസുകൾ, വായ്പകൾ, തർക്കങ്ങൾ എന്നിവയും പരിഗണിക്കും. മൈനിങ് ആൻഡ് ജിയോളജി വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള ഖനന പരാതികൾ വ്യവസായ വകുപ്പിന്റെ ജില്ലാ ഓഫീസിൽ നേരിട്ട് നൽകണം. പരാതി ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ കേന്ദ്രത്തിലോ നൽകാം. അവധി ദിനങ്ങളായ ജൂലൈ 13, 14 തീയതികളിൽ ഓഫീസ് പ്രവർത്തിച്ച് പരാതി സ്വീകരിക്കും. പരാതി സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 18 വൈകീട്ട് നാല് മണി. ഫോൺ : 0487-2360847, 2361945.

## ഉപതെരഞ്ഞെടുപ്പ്: വോട്ടർ പട്ടിക പുതുക്കുന്നു

കുഴൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡായ കുഴൂരിലെ ഉപതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നു. കരട് വോട്ടർ പട്ടിക ജൂലൈ ഒമ്പതിന് പ്രസിദ്ധീകരിച്ചു. അവകാശ വാദങ്ങളും ആക്ഷേപങ്ങളും ജൂലൈ 23 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് ഫോറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് ഫോറം 6, പോളിങ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം-ഫോറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫോറം 5 ൽ നേരിട്ടോ, രജിസ്ട്രേഡ് തപാലിലോ അപേക്ഷിക്കണം. അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് രണ്ട്. അന്തിമ വോട്ടർപട്ടിക ഓഗസ്റ്റ് മൂന്നിന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യത തീയതിയായ 2019 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക കുഴൂർ പഞ്ചായത്ത് ഓഫീസിലും വില്ലേജ് / താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. നിലവിലെ പട്ടിക www.lsgelection.kerala.gov.in. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## അപേക്ഷ ക്ഷണിച്ചു

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ് ടു, വിഎച്ച്എസ്ഇ, ഡിപ്ലോമ, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ്, പ്രൊഫഷണൽ കോഴ്സ് മുതലായ കോഴ്സുകൾ പഠിച്ച് ഉന്നതവിജയം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും പ്രത്യേക പ്രോത്സാഹന സമ്മാനത്തിന് അപേക്ഷ ക്ഷണിച്ചു. ഇ-ഗ്രാന്റ്സ് എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ ഹാർഡ് കോപ്പി ജൂലൈ 31 നകം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണം. കൂടുതൽ വിവരങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0487-2362381.

## ലേലം

കുന്നംകുളം താലൂക്കാശുപത്രി കോമ്പൗണ്ടിലെ മരങ്ങൾ വിലയ്ക്കെടുത്ത് നീക്കം ചെയ്യുന്നതിന് ജൂലൈ 27 രാവിലെ 11.30 ന് ആശുപത്രി പരിസരത്ത് ലേലം ചെയ്യും. ഫോൺ : 04885-222235.

## മാലിന്യപ്രശ്നം: കൊടുങ്ങല്ലൂർ നഗരസഭ അടിയന്തിരയോഗം ഇന്ന്(12 ജൂലൈ)

കൊടുങ്ങല്ലൂർ നഗരത്തിലും പരിസരപ്രദേശങ്ങളിലും മാലിന്യം വലിച്ചെറിഞ്ഞ് കുമിഞ്ഞ് കൂടുന്നതിന് പരിഹാരം കാണുന്നതിന് അടിയന്തിര കൗൺസിൽ യോഗം ഇന്ന് (ജൂലൈ 12) ചേരും. മാലിന്യം രാത്രിയിൽ വലിച്ചെറിയുന്നവരെ കണ്ട് പിടിച്ച് കർശന ശിക്ഷാ നടപടി എടുക്കുന്നതിനായി ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നൈറ്റ് പെട്രോളിങ് ആരംഭിച്ചതായി നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ പറഞ്ഞു. പൊതു സ്ഥലത്തു നിന്ന് നഗരസഭ നിരന്തരമായി എടുത്തു മാറ്റിയിട്ടും മാലിന്യം വലിച്ചെറിയാൻ അനുദിനം വ്യാപകമാകുകയാണ്. ഇക്കാര്യം കൗൺസിൽ ചർച്ച ചെയ്യും. അടിയന്തിര നടപടികൾ എടുക്കും. നിലവിൽ റോഡിലും മറ്റും കിടക്കുന്ന മാലിന്യം പൂർണമായും എടുത്ത് മാറ്റും. 'നമ്മുടെ മാലിന്യം നമ്മുടെ ഉത്തരവാദിത്തമെന്ന സന്ദേശം' വ്യാപകമായി റസിഡൻസ് അസ്സോസിയേഷൻ വഴിയും മറ്റും ജനങ്ങളിലെത്തിക്കും. റോഡിൽ മാലിന്യം വലിച്ചെറിയപ്പെട്ടാൽ അവ നഗരസഭ എടുത്തു മാറ്റണമെന്ന പൊതു ധാരണയ്ക്ക് മാറ്റം വരുത്തും. പല വാർഡുകളിലും തുണി സഞ്ചികൾ വിതരണം ചെയ്തിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന മാലിന്യം സമയബന്ധിതമായി ശേഖരിക്കുവാനും ശാസ്ത്രീയമായി സംസ്കരിക്കുവാനും നഗരസഭ കൗൺസിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. പ്ലാസ്റ്റിക് പൊടിച്ച് വിവിധ കമ്പനികൾക്ക് കൈമാറുന്നതിന് യന്ത്രസാമഗ്രികൾ വാങ്ങിച്ചിട്ടുണ്ടെങ്കിലും അത് സ്ഥാപിക്കുന്ന ഷെഡ്ഡിലേയ്ക്ക് വൈദ്യുതി ലഭിച്ചു കഴിഞ്ഞാൽ പ്രവർത്തനം തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

## ആക്ഷേപങ്ങളും പരാതികളും അറിയിക്കാം

തൃശ്ശൂർ ജില്ലയിലെ നഗരസഭ പരിധിക്കുള്ളിലെ അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗ്സുകൾ/ കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനും പൊതുജനങ്ങൾക്ക് പരാതി ബോധിപ്പിക്കുന്നതിനുമായി നോഡൽ ഓഫീസറായി നഗരകാര്യ വകുപ്പിലെ മദ്ധ്യമേഖല റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ആക്ഷേപങ്ങളും പരാതികളും ഉന്നയിക്കുന്നതിനായി നോഡൽ ഓഫീസറെ സമീപിക്കാം. വിലാസം റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ മദ്ധ്യമേഖല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ബ്രോഡ് വേ, എറണാകുളം. ഫോൺ: 0484-2361707, 9447964511.

## നവീകരിച്ച നെഹ്റു പാർക്കിന്റെ ഉദ്ഘാടനം ഇന്ന്

നവീകരിച്ച നെഹ്റു പാർക്ക് ഉദ്ഘാടനം ഇന്ന് (ജൂലൈ 12) വൈകീട്ട് അഞ്ചിന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവഹിക്കും. കോർപ്പറേഷൻ മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിക്കും. സൈക്കിൾ ട്രാക്കിന്റെ ഉദ്ഘാടനം നിയമസഭാ ചീഫ് വിപ്പ് അഡ്വ. കെ രാജൻ നിർവഹിക്കും. ജോഗിങ് ട്രാക്കിന്റെ ഉദ്ഘാടനം ടി എൻ പ്രതാപൻ എംപിയും ഓപ്പൺ

ജിംനേഷ്യം ഉപകരണങ്ങളുടെ ഉദ്ഘാടനം കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് എ ബി മോഹനനും പുതിയ കളിയുപകരണങ്ങളുടെ ഉദ്ഘാടനം ജവഹർ ബാലഭവൻ എക്സിക്യൂട്ടീവ് ഡയറക്ടർ പി കൃഷ്ണൻകുട്ടി മാസ്റ്ററും നിർവഹിക്കും. അമൃത് പദ്ധതിയുടെ ഭാഗമായി തൃശൂർ കോർപ്പറേഷൻ 3 കോടി രൂപ ചെലവഴിച്ചാണ് പാർക്ക് നവീകരിച്ചിരിക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരേ പോലെ മാനസിക ഉല്ലാസത്തിനും വിനോദത്തിനും എന്ന വണ്ണമാണ് പാർക്ക് വിപുലീകരിച്ചിരിക്കുന്നത്. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടക്കും.

## ഓഫീസ് മാറി

ജില്ലാ മണ്ണുസംരക്ഷണ ഓഫീസറുടെ കാര്യാലയം ജൂലൈ മൂന്ന് മുതൽ അയ്യന്തോൾ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലെ രണ്ടാം നിലയിൽ 162-ാം നമ്പർ മുറിയിൽ പ്രവർത്തനമാരംഭിച്ചതായി ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ അറിയിച്ചു.

## പുനർനാമകരണം നടത്തി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ്' എന്നും വെൽഫെയർ ഫണ്ട് ഓഫീസർ 'ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്നും ആയി ഭേദഗതി ചെയ്തതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## ഉപതിരഞ്ഞെടുപ്പ്:
## ഫലം പ്രഖ്യാപിച്ചു

കൊടകര ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗമായി എൽഡിഎഫിലെ കെ വി അമ്പിളി സോമൻ തെരെഞ്ഞടുക്കപ്പെട്ടു.

## താൽപര്യപത്രം ക്ഷണിച്ചു

കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ഗാർഡൻ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ് യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി പരിശീലനം നൽകുന്നതിന് താൽപര്യപത്രം ക്ഷണിച്ചു. താൽപര്യമുള്ളവർ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ 680 003 എന്ന വിലാസത്തിൽ ജൂലൈ 18 നകം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kudumbasree.org. ഫോൺ : 0487-2362517.

## തുല്യതാ കോഴ്സ്
## രജിസ്ട്രേഷൻ ആരംഭിച്ചു

സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് രജിസ്ട്രേഷൻ ആരംഭിച്ചു. പഞ്ചായത്ത്/ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന തുടർ/വികസന വിദ്യാകേന്ദ്രം പ്രേരക്മാർ മുഖേന രജിസ്ട്രേഷൻ ആഗസ്റ്റ് 15 വരെ നടത്താം. ഫോൺ 0487-2365024.

## കേരള മീഡിയ അക്കാദമി
## അഭിമുഖം ജൂലൈ 18 ന്

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷയുടെ അഭിമുഖം ജൂലൈ 18 ന് നടത്തും. ജേർണലിസം ആൻഡ് കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേർണലിസം, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ് എന്നീ കോഴ്സുകളിലേക്ക് ഇന്റർവ്യൂവിന് അറിയിപ്പ് കിട്ടിയ അപേക്ഷകർ ജൂലൈ 18 ന് യോഗ്യത, വയസ്സ്, ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അക്കാദമിയുടെ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനുസമീപമുള്ള ഓഫീസിൽ രാവിലെ 10.30നു ഹാജരാകേണ്ടതാണ്.